File No.HEALTH-C2/12/2020-HEALTH

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (നേരിട്ടുള്ള നിയമനം) തസ്തികയുടെ യോഗ്യതകളിൽ ഭേദഗതി വരുത്തി - എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

സ.ഉ.(കൈ) നം.11/2020/ആ.കു.വ തീയതി,തിരുവനന്തപുരം, 25/01/2020

---

പരാമർശം:- 1. ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് (DHIC) പാസ്സായ ഉദ്യോഗാർത്ഥികളുടെ 14.01.2020-ലെ അപേക്ഷ.

2. സ.ഉ. (അച്ചടി) നം. 76/2017/ആ.കു.വ. തീയതി, 12.12.2017.

3. സ.ഉ. (സാധാ) നം.2262/2019/ആ.കു.വ. തീയതി, 19.09.2019.

<u>ഉത്തരവ്</u>

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ നിയമനത്തിനായി 30.12.2019-ൽ പി.എസ്.സി. ക്ഷണിച്ച വിജ്ഞാപനപ്രകാരം (കാറ്റഗറി നം.421/2019) അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടി തസ്തികയുടെ യോഗ്യതകളിൽ മാറ്റം വരുത്തി അപേക്ഷ സമർപ്പിക്കാൻ അവസരമൊരുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് (DHIC) പാസ്സായ ഉദ്യോഗാർത്ഥികൾ പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) പരാമർശം 2 സർക്കാർ ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പിലെ വിവിധ തസ്തികകളിൽ വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ച് ഉത്തരവായിരുന്നു. അപ്രകാരം, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (നേരിട്ടുള്ള നിയമനം) തസ്തികയുടെ യോഗ്യതകൾ ചുവടെ പറയും പ്രകാരം നിർവചിച്ചിരുന്നു.

1. ജനറൽ - പ്ലസ് ടു-ൽ സയൻസ് വിഷയങ്ങളോടുകൂടി വിജയം അല്ലെങ്കിൽ അംഗീകൃത സ്ഥാപനങ്ങളിൽനിന്ന് തത്തുല്യ പരീക്ഷയിലുള്ള വിജയം.
2. ടെക്നിക്കൽ - ആരോഗ്യവകുപ്പ് അല്ലെങ്കിൽ സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ നടത്തുന്ന ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിലുള്ള ഡിപ്ലോമ.
3. രജിസ്ട്രേഷൻ- കേരള പാരാമെഡിക്കൽ കൗൺസിലിൽ രജിസ്ട്രേഷൻ.

3) നിലവിൽ, പരാമർശം 3 ഉത്തരവിലെ പ്രോസ്പെക്ടസ് പ്രകാരം, പ്ലസ് ടു സയൻസ് വിഷയങ്ങളിൽ നിശ്ചിത ശതമാനം മാർക്ക് നേടിയ അപേക്ഷകരുടെ അഭാവത്തിൽ സയൻസ് ഇതര വിഷയങ്ങളിൽ നിശ്ചിത ശതമാനം മാർക്കോടെ പ്ലസ് ടു പാസായ വിദ്യാർത്ഥികൾക്കും ആരോഗ്യ വകുപ്പ് ഡയറക്ടർ നേരിട്ട് നടത്തുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്

(DHIC)-ന് ചേരാപ്പുന്നതാണ്. എന്നാൽ, പരാമർശം 2 സ്പെഷ്യൽ റൂൾ പ്രകാരം ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് ടെക്നിക്കൽ യോഗ്യതയായി നിർണയിച്ചിട്ടുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയ്ക്ക് അക്കാഡമിക് യോഗ്യത 'പ്ലസ് ടു സയൻസ്' എന്നാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ, ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് കഴിഞ്ഞു നിൽക്കുന്ന ഉദ്യോഗാർത്ഥികളിൽ പ്ലസ് ടുവിന് സയൻസ് ഇതര വിഷയം പഠിച്ചവർക്ക് പി.എസ്.സി. വിജ്ഞാപന പ്രകാരം (കാറ്റഗറി നം.421/2019) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ അപേക്ഷിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കൂടാതെ, ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് കഴിഞ്ഞവർക്ക് പ്രസ്തുത യോഗ്യതപ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികക്കല്ലാതെ മറ്റ് യാതൊരു തസ്തികക്കും അപേക്ഷിക്കുന്നതിനും കഴിയില്ല.

4) ഈ സാഹചര്യത്തിൽ, നിലവിൽ പി.എസ്.സി. വിജ്ഞാപനം ചെയ്തിട്ടുള്ള (കാറ്റഗറി നം.421/2019) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികക്ക് ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് (DHIC) കഴിഞ്ഞ എല്ലാവർക്കും (പ്ലസ് ടു സയൻസ്/ നോൺ-സയൻസ് വ്യത്യാസമില്ലാതെ) അപേക്ഷിക്കുവാൻ കഴിയുന്ന തരത്തിൽ, പരാമർശം 2 പ്രകാരം പുറപ്പെടുവിച്ച വിശേഷാൽ ചട്ടങ്ങളിൽ ഖണ്ഡിക 4 ന് ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ ഇനം 4 (A) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (നേരിട്ടുള്ള നിയമനം) തസ്തികയുടെ യോഗ്യതകളിൽ ചുവടെപ്പറയുംപ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഇനം 1. ജനറൽ "പ്ലസ് ടു-ൽ സയൻസ് വിഷയങ്ങളോടുകൂടി വിജയം അല്ലെങ്കിൽ അംഗീകൃത സ്ഥാപനങ്ങളിൽനിന്ന് തത്തുല്യ പരീക്ഷയിലുള്ള വിജയം"

എന്നത്

ഇനം 1.ജനറൽ - "പ്ലസ് ടു-ൽ വിജയം അല്ലെങ്കിൽ അംഗീകൃത സ്ഥാപനങ്ങളിൽനിന്ന് തത്തുല്യ പരീക്ഷയിലുള്ള വിജയം".

5) മേൽപ്പറഞ്ഞപ്രകാരം പരാമർശം 2 സ്പെഷ്യൽ റൂളിൽ പിന്നീട് മാറ്റം വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K NANDA KUMAR
ജോയിന്റ് സെക്രട്ടറി

പകർപ്പ് :-

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

✓ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Milan
സെക്ഷൻ ഓഫീസർ

ഡി.എച്ച്.എസ്. നം. ജെ3-3-6681/2020/ആ.വ. തീയതി 29.1.2020

പകർപ്പ് അറിവിനും അനന്തര നടപടികൾക്കുമായി എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നൽകുന്നു.

സ്വീകർത്താവ്
1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം)
2. ഔദ്യോഗിക വെബ്സൈറ്റ്.

29/01
ആരോഗ്യ വകുപ്പ് ഡയറക്ടർക്കു വേണ്ടി